നിന്നുംതന്നെ വേറെ ഏറ്റുപാടിനേൽ ചെയ്യും.

മിസ്റ്റർ കെ. പി. വള്ളോൻ.—എല്ലാംതന്നെ ഡിപ്പാർട്ട്മെണ്ടിൽനിന്നും ചെയ്യിച്ചാൽ പോരേ?

രാമവർമ്മതമ്പുരാൻ.—കൺടാക്ടുകാരെ പ്രോത്സാഹിപ്പിയ്ക്കുകയാണു് സാധാരണയായി ഗവമ്മെണ്ടു് ചെയ്യാറുപതിവുള്ളതു്. ആദായമുള്ളപക്ഷം കൺടാക്ടുകാരനു കൊടുക്കാനാണു് അവകാശമുള്ളതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അങ്ങിനെയാണെങ്കിൽ അതിലേയ്ക്കു വല്ല കണക്കുകളും വച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചില്ല. നോട്ടിസു വേണം.

മിസ്റ്റർ എം. കെ. രാമൻ.—കൺടാക്ടുകാരോടു് റിട്ടൺ എഗ്രിമെണ്ടു് എഴുതിവാങ്ങാറുണ്ടോ?

രാമവർമ്മതമ്പുരാൻ.—നിശ്ചയമില്ല, നോട്ടീസു വേണം. സാധാരണ ഇങ്ങിനെയാണു ചെയ്തുവരുന്നതു്.

മിസ്റ്റർ പോപ്പൂരിലാൽ ഗോവർദ്ധനലാലൻ.—ഈ പണിക്കു് എസ്റ്റിമേറു് തയ്യാറാക്കുന്നതു് ആരാണു്?

രാമവർമ്മതമ്പുരാൻ.—ഡിപ്പാർട്ട്മെണ്ടിൽനിന്നാണു്.

Compound Wall—Chalakkudi Colony—Names on.

121. മിസ്റ്റർ കെ. പി. വള്ളോൻ.—ചാലക്കുടി കോളനിയിൽ കഴിച്ചുകൊടുത്തിട്ടുള്ള കുളത്തിന്റെ മതിലിൽ M. R. Ry. വി. ആർ. രാമൻ ചോഹൻ, അധീകൃത സംരക്ഷകൻ, M. R. Ry. സി. എം. ചാത്തു, കൺടാക്ടർ എന്നിങ്ങിനെ എഴുതിയിരിക്കുന്നതിന്റെ താല്പര്യമെന്തു്?

രാമവർമ്മതമ്പുരാൻ.—മതിലിൽ ഒന്നും എഴുതി കാണുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇവിടെ പറഞ്ഞിട്ടുള്ള മറുപടി വാസ്തവമല്ല. വാസ്തവത്തിൽ ഞാൻ കണ്ടിട്ടുള്ളതാണു്. അതുകൊണ്ടു് ഇതിനെ സംബന്ധിച്ചു് പ്രത്യേകം ഗവമ്മെണ്ടിൽ നിന്നും അന്വേഷിച്ചു് ഒരു മറുപടി പറയുമോ?

മിസ്റ്റർ എം. കെ. രാമൻ.—എന്നാണു് ഗവമ്മെണ്ടു നോക്കിയതു്?

രാമവർമ്മതമ്പുരാൻ.—ഈ question കിട്ടിയപ്പോൾ.

മിസ്റ്റർ സി. എ. ഔസേപ്പു്—ഇതിൽ മതിലിൽ ഒന്നും എഴുതി കാണുന്നില്ല എന്നു പറഞ്ഞിരിക്കുന്നു. വല്ല കാണ്മൊണ്ടു വാളിലോ മറോ ഉണ്ടോ എന്നുള്ളതിനെപറ്റിയാണോ അന്വേഷിച്ചതു്?

രാമവർമ്മതമ്പുരാൻ.—കുളത്തിന്റെ മതിലിൽതന്നെയാണു്. ഇവിടെ കുളത്തിന്റെ മതിലിൽ ഇന്നവിധമെഴുതിയിരിയ്ക്കുന്നതിന്റെ താല്പര്യമെന്തെന്നുള്ള ചോദ്യത്തിനു് മതിലിൽ ഒന്നും എഴുതികാണുന്നില്ല എന്ന ഉത്തരം പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. എ. ഔസേപ്പ്—ഇതിനെ സംബന്ധിച്ച് ആരോടെ എഴുതി ചോദിച്ചു?

രാമവർമ്മതമ്പുരാൻ.—പ്രോട്ടക്റേറരോടു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—മതിലിൽ ഒന്നും എഴുതി കാണുന്നില്ലെന്നുള്ള മറുപടി വന്നതു ഏതു് തിയ്യതിയിലാണ്.

രാമവർമ്മതമ്പുരാൻ.—ഇവിടെനിന്നും എഴുതി ചോദിച്ചതു് 12th ജൂണിലാണ്, മറുപടി വന്നതു് 19th ജൂണിലാണ്.

Persons residing in Depressed Classes Hostel.

122. മിസ്റ്റർ കെ. പി. വള്ളോൻ.—വി. യു. ഉണ്ണിപ്പിഷാരൻ വൈദ്യൻ, കെ. കെ. ജോസഫ്, ലേബർ ഇൻസ്പെക്ടർ, അധഃകൃത സംരക്ഷകൻ എന്നിവരുടെ താമസം അധഃകൃത ഹോസ്റ്റലിൽ ആക്കിയിരിക്കുന്നതിൽ ഗവർമ്മെണ്ടിനു വല്ല ആളായവുമുണ്ടോ; ഉണ്ടെങ്കിൽ എന്തു്; ടി ഹോസ്റ്റലിലെ അധഃകൃത വിദ്യാർത്ഥികൾക്കു് എത്ര പ്രാവശ്യം തീറ്റി കൊടുക്കുന്നുണ്ടു്?

രാമവർമ്മതമ്പുരാൻ.—ഇവർ ഹോസ്റ്റലിൽ താമസമാക്കീട്ടില്ല. അധഃകൃത വിദ്യാർത്ഥികൾക്കു ദിവസത്തിൽ മൂന്നു പ്രാവശ്യം ഭക്ഷണം കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ മറുള്ള ആളുകൾ ഹോസ്റ്റലിൽ താമസമാക്കീട്ടില്ലെന്നു പറഞ്ഞിരിക്കുന്നതു പരമാർത്ഥമല്ല. ഞാൻ ഈയിടെ തൃശ്ശിവപേരൂക്കു പോയി ആ ഹോസ്റ്റലിനടുത്തു് ഒരു സ്ഥലത്തുതന്നെ മൂന്നുദിവസം താമസിച്ചിരുന്നു. അപ്പോൾ അവിടെ ഇതിൽ പറയുന്ന ഉണ്ണിപ്പിഷാരൻ വൈദ്യൻ, കെ. കെ. ജോസഫ് എന്നിവരും അവരുടെ കൂട്ടുകാരും അവിടെ താമസിക്കുന്നതായിട്ടാണു് കണ്ടതു്. അവിടെയുള്ള ചിലകുട്ടികളോടു ചോദിച്ചപ്പോൾ ഇവരെല്ലാം അവിടെ സ്ഥിരമായിട്ടു താമസിക്കുന്നുവെന്നാണു് അവർ പറഞ്ഞതു്.

മിസ്റ്റർ എം. കെ. രാമൻ.—ഇവർ ഹോസ്റ്റലിൽ താമസമാക്കീട്ടില്ല എന്നു പറഞ്ഞിരിക്കുന്നു. അപ്പോൾ ഇടക്കിടക്കു താമസിക്കാറുണ്ടെന്നാണോ?

രാമവർമ്മതമ്പുരാൻ.—സ്കൂൾ പൂട്ടിയിരിക്കുന്ന കാലത്തു് കുറച്ചു ദിവസം ഇങ്ങനെ താമസിച്ചിരുന്നതു സത്യമാണു്. ഇപ്പോൾ അവിടെനിന്നും ഹോസ്റ്റൽ മാറുകയും ചെയ്തു; ആരും അങ്ങിനെ താമസിക്കുന്നുമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഹോസ്റ്റൽ മാറുന്നതിനുമുമ്പു താമസിച്ചിരുന്നുവെന്നു് ഗവർമ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

രാമവർമ്മതമ്പുരാൻ.—അതു് സ്കൂൾ പൂട്ടിയിരുന്ന കാലത്താണു്.

മിസ്റ്റർ എം. കെ. രാമൻ.—ഹോസ്റ്റൽ മാറിയതിനശേഷം താമസിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly